**Released on 8-11-11**

**<u>നാളികേര വിപണി തിരിച്ചു വരവിന്റെ പാതയിൽ: മാർക്കററ് ഇന്റലിജൻസ് സെന്റർ</u>**

കഴിഞ്ഞ രണ്ടു മാസമായി വ്യാവസായിക ഉപഭോക്താക്കൾ വില്പന സമ്പ്രദായത്തിന്റെ ഭാഗമായി വിപണിയിൽ നിന്നു വിട്ടു നിന്നതിനാൽ വിലയിൽ വന്ന ഇടിവ് സാങ്കേതിക തിരുത്തലുകളിലൂടെ തിരിച്ചുവരവിന്റെ പാതയിലെന്ന് കാർഷികസർവ്വകലാശാലയുടെ മാർക്കററ് ഇന്റലിജൻസ് സെന്റർ നടത്തിയ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു.


താഴെ പറയുന്ന ഘടകങ്ങൾ ഭക്ഷ്യഎണ്ണ വിപണിയിൽ ചലനങ്ങൾ ഉണ്ടാക്കുവാൻ കെല്പ്പുള്ളവയാണെന്ന് സെന്റർ വിലയിരുത്തുന്നു.

- ഫിലിപ്പൈൻസിലെ ഐക്യനാളികേര സംഘടന (United Coconut Association of Philippines) റിപ്പോർട്ട് പ്രകാരം, 2011 ജനുവരി മുതൽ 2011 സെപ്തംബർ വരെയുള്ള കാലയളവിൽ ഫിലിപ്പൈൻസിൽ നിന്നുള്ള വെളിച്ചെണ്ണയുടെ കയററുമതിയിൽ 42 മുതൽ 49 ശതമാനം വരെ കുറവു വന്നിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ ബംബർ വിളവെടുപ്പിനു ശേഷം നാളികേര ഉത്പാദനത്തിൽ വന്ന കുറവ് മൂലം കൊപ്രയുടെ ലഭ്യതയിൽ വന്ന വൻ കുറവാണ് ഇതിനു കാരണമായി പറയപ്പെടുന്നത്. സെപ്തംബറിൽ ഉണ്ടായ കൊടുങ്കാററും അവിടത്തെ നാളികേര ഉല്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. തായ്ലാന്റിലെ പ്രധാന ഉല്പാദന മേഖലകളിൽ വരൾച്ചയും, ഹിസ്പൈൻ വണ്ടുകളുടെ വ്യാപകമായ ആക്രമണവും, നാളികേര ഉല്പാദനത്തിൽ വന്ന കുറവും മൂലം 2010 ജൂലൈയിൽ നാളികേരത്തിനു 7 ബാഹത് എന്ന വില നിലവാരത്തിൽ നിന്നും 20 ബാഹതിലേക്ക് ഉയർന്നതിനാൽ ഇന്തോനേഷ്യയിൽ നിന്നും വൻ തോതിൽ നാളികേര ഇറക്കുമതിക്ക് അവർ നിർബന്ധിതരായി. ഇപ്രകാരം ഇന്തോനേഷ്യ ഒഴികെയുള്ള പ്രമുഖ ഉല്പാദക രാജ്യങ്ങളിലെല്ലാം തന്നെ നാളികേര ഉല്പാദനത്തിൽ വന്ന വൻ കുറവ് വരും കാലങ്ങളിൽ നാളികേര വിപണിക്ക് ആഗോള തലത്തിൽ ശക്തി പകരുന്ന ഘടകങ്ങളാണ്.
- ഇന്ത്യയിലെ പ്രമുഖ നാളികേര ഉല്പാദന മേഖലയായ കേരളത്തിൽ കഴിഞ്ഞ ഒരു പതിററാണ്ടായി ഉയർന്ന കൂലി, തൊഴിലാളി ക്ഷാമം, രോഗ കീട ബാധകൾ, ഉല്പാദന ക്ഷമതയിലെ തളർച്ച, വിലയിലെ അസ്ഥിരത എന്നിവ മൂലം നാളികേര കൃഷിയുടെ വിസ്തീർണത്തിൽ വൻ കുറവാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. തന്മൂലം, ഉല്പാദനത്തിൽ വന്ന കുറവ്, തമിഴ്നാട്ടിൽ നിന്നും എത്തിക്കൊണ്ടിരുന്ന നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയാണ് നികത്തയിരുന്നത്.
- ക്രയവിക്രയ ശേഷിയിലുണ്ടായ വർദ്ധനവ് മൂലം ഭക്ഷ്യ എണ്ണയുടെ പ്രതിശീർഷ ഉപഭോഗത്തിൽ വൻ വർദ്ധനവാണ് കഴിഞ്ഞ കാലയളവിൽ ഉണ്ടായിരിക്കുന്നത്. തുലാവർഷം ശക്തി പ്രാപിക്കുന്നതിലൂടെ തമിഴ്നാട്ടിൽ നിന്നുള്ള ഇറക്കുമതിയിൽ കുറവു സംഭവിക്കാനുള്ള സാധ്യത ഏറെയാണ്. മഴ മൂലം നാളികേരത്തിന്റെ വിളവെടുപ്പും, നാളികേരം കൊപ്രയാക്കുവാനുള്ള കാലതാമസവും, ശബരിമല സീസണിൽ നാളികേരത്തിന്റെ വർദ്ധിച്ച ഡിമാന്റും, തൊഴിലാളി ക്ഷാമവും ഈ പ്രക്രിയക്ക് ആക്കം കൂട്ടുമെന്ന് പൊതുവെ കരുതപ്പെടുന്നു.
- ശൈത്യകാലം വടക്കേ ഇന്ത്യയിൽ ശക്തി പ്രാപിക്കുന്നതോടെ ഷാംമ്പൂ, കണ്ടീഷണറുകൾ എന്നീ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ വർദ്ധിച്ച ഡിമാന്റും, കഴിഞ്ഞ രണ്ടു മൂന്നു മാസമായി വില്പന സമ്മർദത്തിന്റെ ഭാഗമായി വിപണിയിൽ നിന്നും വിട്ടു നിന്നിരുന്ന വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉപഭോക്താക്കളെ വിപണിയിൽ തിരിച്ചു കൊണ്ടു വരുവാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്.
- നിലക്കടല ഒഴികെയുള്ള എല്ലാ എണ്ണ വിളകളുടെയും ഉല്പാദനത്തിൽ ഉണ്ടാകാവുന്ന ഉല്പാദന വർദ്ധനവ് കണക്കിലെടുത്തും ഡോളറുമായുള്ള വിനിമയ നിരക്കിൽ ദുർബലമാകുന്ന രൂപയും വൻ തോതിലുള്ള ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിയെ നിരുത്സാഹപ്പെടുതുന്ന സ്ഥിതി വിശേഷം ഉണ്ടാക്കുന്നു.
- എന്നാൽ ശക്തമായ സാങ്കേതിക തിരുത്തലുകൾക്ക് മുകളിൽ പറഞ്ഞ ഘടകങ്ങൾ അനുകൂലമായി നിൽക്കുമ്പോഴും നാളികേര വിപണിയുടെ കരുത്ത് ചോർത്തിക്കളയുവാൻ പര്യാപ്തമായ സ്ഥിതിവിശേഷങ്ങളും പരാമർശിക്കാതെ വയ്യ. യുറോപ്പിന്റെയും, അമേരിക്കൻ ഐക്യനാടുകളുടെയും സമ്പദ്ഘടനയെ പിടിച്ചുലയ്ക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ലാഞ്ചനകൾ ഇന്ത്യൻ വിപണിയിലും അങ്ങിങ്ങായി പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു. അമേരിക്കയിലെ റെക്കാർഡ് സോയാബീൻ വിളവെടുപ്പും കുറഞ്ഞ കയററുമതി സാധ്യതയും മൂലം വെളിച്ചെണ്ണയിൽ നിന്ന് ബയോഡീസൽ ഉണ്ടാക്കുന്നതിൽ നിന്നും വ്യവസായികളെ

പിന്തിരിപ്പിക്കുകയും, സോയാബീൻ എണ്ണയിൽ നിന്നുള്ള കുറഞ്ഞ വിലയ്ക്കുള്ള ബയോഡീസലിന് കൂടുതൽ സ്വീകാര്യത നേടുകയും ചെയ്യുന്നു. വെളിച്ചെണ്ണയും, പാമോയിലും തമ്മിലുള്ള വിലയിലെ അന്തരം ആളുകളെ പാമോയിലിലേയ്ക്ക് തിരിയുവാൻ പ്രേരിപ്പിക്കുകയും, വെളിച്ചെണ്ണയിൽ വൻ തോതിൽ മായം ചേർക്കാനും പ്രോത്സാഹിപ്പിക്കുന്ന ഘടകവുമാണ്. ഇപ്രകാരം കുടിയ വിലയ്ക്കു ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ ഉപയോഗിക്കാൻ നിർബദ്ധിതരാകുന്ന ഉപഭോക്താക്കളും വെളിച്ചെണ്ണയിൽ നിന്ന് അകന്നു പോകുവാനുള്ള സാധ്യത വളരെയേറെയാണ്. ഇപ്രകാരമുള്ള പരസ്പര വിരുദ്ധമായ സാഹചര്യത്തിൽ തൃശ്ശൂർ വിപണിയിലെ ജനുവരി 2000 മുതൽ ഒക്ടോബർ 2011 വരെയുള്ള 12 വർഷത്തെ പ്രതിമാസ വിലയെ അടിസ്ഥാനമാക്കി നടത്തിയ അപഗ്രഥനത്തിൽ അടുത്ത മൂന്നു മാസത്തേക്ക് താഴെ പറയുന്ന വിലനിലവാരം പ്രതീക്ഷിക്കുന്നതായി അറിയിക്കുന്നു.

| Commodity Form | Month | Price Forecasts (Rs/Kg) |
|---|---|---|
| Coconut (Partially de-husked) | November 2011 | 19.00 - 21.00 |
| | December 2011 | 20.00 - 23.00 |
| | January 2012 | 19.00 - 22.00 |

നാളികേര ഡിമാന്റും ലഭ്യതയും തമ്മിലുള്ള അന്തരം നിമിത്തം വെളിച്ചെണ്ണ വിലയിൽ ചാഞ്ചാട്ടം ഉണ്ടായപ്പോഴും നാളികേരത്തിന്റേയോ കൊപ്രയുടെയോ വിലയിൽ വൻ ചാഞ്ചാട്ടം സംഭവിക്കാത്തത് ശ്രദ്ധേയമാണ്. ഡിമാന്റും ലഭ്യതയും തമ്മിലുള്ള വർദ്ധിച്ചു വരുന്ന അന്തരം നിമിത്തം ജനുവരി വരെ നാളികേര വില ഏറിതന്നെ നിൽക്കുമെന്നു പ്രസ്തുത പഠനം ചൂണ്ടിക്കാട്ടുന്നു. എന്നാൽ സാമ്പത്തിക മാന്ദ്യം നാളികേര വിലയെ പ്രതികൂലമായി ബാധിക്കാനുള്ള സാധ്യതയെകൂടി കണക്കിലെടുത് വില കിലോഗ്രാമിന് 19 രൂപ മുതൽ 23 രൂപ വരെയുള്ള പരിധിയിൽ സ്റ്റെഡിയായി നിൽക്കുമെന്നാണ് സെന്റർ നൽകുന്ന സൂചന.




Dr. K. Satheesh Babu, Professor & CCPI
Jayasree,K., SRF
Resmi. P, SRF
Vipin. K.D., SRF
For more details, visit www.kau.edu or www.kauhort.in or

Mail to: amickau@gmail.com or call at: 8129628797.